# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM.P6/499/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.എ.ഡി.സി. (ജനറൽ)

നമ്പർ: KSA-KLM.P6/499/22 തീയ്യതി: 28/06/2022

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2020 മുതൽ 31-01-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മാത്യുറോയി കെ. പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 15-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത്കുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ശശിജോഷ് എ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി അമ്പിളി ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.ശശികുമാർ | പ്രസിഡന്റ് | 01-04-2019 | 11-11-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശാന്ത ടി.എൽ | ശിശുവികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ലൂയിസ് മാത്യൂ | കൃഷി അസ്സി.ഡയറക്ടർ | 01-04-2019 | 31-01-2020 |
| ശ്രീ.മോഹൻശങ്കർ കെ.എസ്. | കൃഷി അസ്സി.ഡയറക്ടർ | 01-02-2020 | 31-03-2020 |
| ശ്രീ.ഗിരീഷ് വി.ആർ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിജു.റ്റി.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 21-10-2022 |
| ശ്രീ.സുബിൻ എ. | വ്യവസായ വികസന ഓഫീസർ | 22-10-2019 | 27-11-2019 |
| ശ്രീ നദീറ ബീഗം | വ്യവസായ വികസന ഓഫീസർ | 28-11-2019 | 16-01-2020 |
| ശ്രീ.സുബിൻ എ. | വ്യവസായ വികസന ഓഫീസർ | 17-01-2020 | 19-01-2020 |
| ശ്രീമതി കൃഷ്ണ നമ്പൂതിരി | വ്യവസായ വികസന ഓഫീസർ | 20-01-2020 | 31-03-2020 |
| ഡോ.മേരിക്കുട്ടിതോമസ്സ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി കെ.പി.ബീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി റീന തോമസ്സ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-10-2019 |
| ശ്രീ.സച്ചിൻദാസ് എസ്.ആർ | പട്ടികജാതി വികസന ഓഫീസർ | 01-11-2019 | 31-03-2020 |
| ശ്രീമതി ബിന്ദു ആർ. | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 12-01-2020 |
| ശ്രീമതി ബിന്ദു കെ.വി | സീനിയർ വെറ്റിനറി സർജൻ | 13-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.അസ്ജാദ് എം.എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-12-2019 |
| ശ്രീമതി ഗീതു എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: G.Ambili (Senior Grade Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 17-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: G.Ambili (Senior Grade Auditor, On 13-03-2022)<br>Last Updated By: G.Ambili (Senior Grade Auditor, On 27-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 27-06-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-10 |
| 13 | മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 20-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-11 |
| 14 | പ്രീമെട്രിക് ഹോസ്റ്റൽ അനുബന്ധസൗകര്യങ്ങൾ - തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: K.P.Mathew Roy (Senior Deputy Director, On 28-06-2022) | 1-12 |
| 15 | വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ - സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: Naseer S (Computer Assistant, On 28-06-2022) | 1-13 |
| 16 | പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ -ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ട് ആയത് ചെലവഴിക്കാതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ | 1-14 |

| | | |
|---|---|---|
| | നിന്നും നൽകി.<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | |
| 17 | പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷാ-രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 18-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-15 |
| 18 | യാത്രാബത്ത ഇനത്തിൽ അധികം തുക കൈപ്പറ്റി<br>Written By: Sunilkumar.U.S (Auditor, On 20-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-16 |
| 19 | എൻ.സി.ഡി ക്ലിനിക്കിൽ പങ്കെടുക്കുന്ന വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ്-വിതരണരേഖകൾ ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 19-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-17 |
| 20 | ജീവിതശൈലീ രോഗനിയന്ത്രണ പരിപാടി - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 19-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-18 |
| 21 | മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽ നിന്നുള്ള Non Availability Certificate വാങ്ങാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങി<br>Written By: Sunilkumar.U.S (Auditor, On 19-03-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 1-19 |
| 22 | അധികനിരക്കിൽ സെന്റേജ് ചാർജ് നൽകി, ചെലവഴിക്കപ്പെടാത്ത തുക തിരികെ ഈടാക്കിയില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-20 |
| 23 | സംരംഭങ്ങൾക്കുള്ള വായ്പ - സബ്സിഡിത്തുക പരിഗണിക്കാതെ പലിശ ഈടാക്കുന്നു.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-21 |
| 24 | ജൈവവള യൂണിറ്റ് ആരംഭിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 1-22 |
| 25 | എക്സ്ട്രാ ഇനം- ടെൻഡർ കുറവ് വരുത്തിയില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 20-03-2022)<br>Last Updated By: Naseer S (Computer Assistant, On 28-06-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എക്സ്ട്രാ ഇനം- ടെൻഡർ കുറവ് വരുത്തിയില്ല.<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 3-1 |
| 2 | വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ-സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 23-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 27-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: G.Ambili (Senior Grade Auditor, On 14-03-2022)<br>Last Updated By: Naseer S (Computer Assistant, On 28-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27-2-19 തീയതിയിലെ 1/2 തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-20 | 21-5-20 | | |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) സംയുക്തപ്രോജക്ടിനു വന്ന വരവുകളിൽ ആകെ 20,13,183/-രൂപാ ചെലവ് ഉണ്ട്. എന്നാൽ ആയതിന്റെ ചെലവ് വിവരങ്ങൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

2) മറ്റുള്ളവ എന്ന ഹെഡിൽ പ്രോജക്ട് നമ്പർ 130/20 പ്രകാരം 9,65,612/- രൂപാ ചെലവ് ഉണ്ട്. എന്നാൽ ആയത് ഏതിനത്തിൽ ഉള്ള തുകയാണ് എന്ന വാർഷിക കണക്കുകളിലെ ലയബിലിറ്റി ഹെഡിൽ ചേർത്തിട്ടില്ല.

3) വാർഷികകണക്കുകൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 50,280/- രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ ആയത് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

4) എം.ജി.എൻ.ആർ.ഇ.ജി.എസ്സിനു വേണ്ടിയുള്ള ബാങ്ക് അക്കൗണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5) Poverty Allivation Admin Fund, MLASDF എന്നിവയ്ക്ക് വേണ്ടിയുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തനതു ഫണ്ടിൽ നിക്ഷേപിച്ചുവെങ്കിലും ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ ലയബിലിറ്റി ആയി ചേർത്തിട്ടില്ല.

6) ഡെപ്പോസിറ്റ് വർക്ക് വിത്ത് വാട്ടർ അതോറിറ്റി -തുകകളിലെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

Advance To Implementing Agencies With KWA 460500201 എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുൻബാക്കി | 25,50,000 |
| തൻവർഷം അടച്ച തുക | 18,03,169 |
| ആകെ | 43,53,169 |
| തൻവർഷം വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് | 11,06,000 |
| നീക്കുബാക്കി | 32,47,169 |

തൻവർഷം വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് എന്ന പേരിൽ പ്രസ്തുത ഹെഡിൽ കുറവു ചെയ്ത 11,06,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രോജക്ട് 131/21 പ്രകാരം പള്ളിയിൽ ജംഗ്ഷൻ വല്ലവൻകര ഭാഗം കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ട് പ്രകാരം തനതുഫണ്ട് നൽകിയ 78,584/- രൂപ പ്രസ്തുത ഹെഡിൽ ചേർത്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7) വെൺമണ്ണൂർ തോയിത്തല കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിനായി അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ട് ബിൽ നമ്പർ 5/19-20/13-5-19 പ്രകാരം ചെലവഴിച്ച 1,71,753/- രൂപയും വാട്ടർ അതോറിറ്റിയുടെ ഡെപ്പോസിറ്റായി ചേർത്തിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,98,04,836/- രൂപ |
| വരവ് | 5,29,68,503/- രൂപ |
| ആകെ | 8,27,73,339/- രൂപ |
| ചെലവ് | 5,68,41,327/- രൂപ |
| നീക്കിയിരിപ്പ് | 2,59,32,012/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,04,886/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,12,358/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | സി.ബി (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 3,95,61,000 | 3,95,61,000 | 2,69,79,178 | 1,25,81,822 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,76,17,000 | 1,76,17,000 | 1,29,25,948 | 46,91,052 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 51,74,000 | 51,74,000 | 38,13,976 | 13,60,024 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | | | |
| Poverty Allivation Admin Fund | 2,16,830 | 21,418 | 2,38,248 | 2,38,248 | 0 |
| TSC | 2,63,740 | 16,594 | 2,80,334 | 7,481 | 2,72,853 |
| കേന്ദ്രാവിഷ്കൃതം | | | | | |
| Mplad | 3,09,153 | 27,19,664 | 30,28,817 | 27,05,052 | 3,23,765 |
| Mlasdf | 1,647 | 36 | 1,683 | 1,683 | 0 |
| കേരളോത്സവം | | 60,000 | 60,000 | 60,000 | |
| മറ്റുഗ്രാന്റ് | | 80,000 | 80,000 | 80,000 | |
| IAY SCP | 7,00,000 | 0 | 7,00,000 | 6,00,000 | 1,00,000 |
| IAY പ്ലാൻ | 0 | 7,96,429 | 7,96,429 | 4,98,790 | 2,97,639 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 84753136 | 67 | 46594132 | 11 | 41 | 56% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 10.03.2022 ന് നടത്തുകയുണ്ടായി. പരിശോധന നടത്തിയ ദിവസം ബ്ലോക്ക് പഞ്ചായത്തിനു വരവില്ലായിരുന്നു എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന് ഉതകുന്ന ഭരണസംവിധാനം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകൾ കൂടി സംയോജിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്. വികസനപ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി ലഭ്യമായ ഫണ്ടുകൾ വാർഷികപദ്ധതി നിർവഹണപ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

യഥാസമയം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാത്തതിനാൽ കെൽട്രോണിൽ നിന്നും നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമായില്ല. സംയുക്ത സംരംഭങ്ങൾക്ക് ഗ്രൂപ്പുകൾക്ക് നൽകുന്ന ഗവ. സബ്സിഡി തുകയും ബാങ്കുകൾ പലിശ ഈടാക്കുന്നത് നിർവഹണോദ്യോഗസ്ഥൻ മോണിറ്റർ ചെയ്യുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-10-20 To 23-10-20 | 2019-20 | 13-1-21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-4-15 To 20-4-15<br>24-3-17 To 3-4-2017 | 2013-15<br>2011-12 To 2015-16 | 18-5-2015<br>11/5/17 |

1-11 മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല

മഹാത്മഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ കുറിച്ച് ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്കായി 2019 ജൂലൈ മാസം 4,5 തീയതികളിൽ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് പരിശീലനം നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശീലനത്തിന്റെ ഭാഗമായുള്ള ചെലവിനായി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് 855633/04.07.19 നമ്പർ ചെക്ക് പ്രകാരം 21,000/- രൂപ മുൻകൂറായി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കി മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല.

2020 ഫെബ്രുവരി 18,19 തീയതികളിൽ വയനാട്ടിൽ വച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് 8,000/-രൂപ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് മുൻകൂർ അനുവദിച്ച് നൽകിയിട്ടുണ്ട്. 263354/14.02.2020-ാം നമ്പർ ചെക്ക് പ്രകാരമാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. പരിപാടി കഴിയുന്ന മുറക്ക് ചെലവ് രേഖകൾ ഹാജരാക്കി മുൻകൂർ തുക ക്രമീകരിക്കേണ്ടതായിരുന്നു. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കി മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. KFC Vol. 1, ജി.ഒ.(പി)നം.419/11 /ഫിൻ/04.10.2011 എന്നിവ പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെ 18% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. തുക പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 പ്രീമെട്രിക് ഹോസ്റ്റൽ അനുബന്ധസൗകര്യങ്ങൾ - തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നമ്പർ – 42/20
പ്രോജക്റ്റ് – പ്രീമെട്രിക് ഹോസ്റ്റൽ അനുബന്ധസൗകര്യങ്ങൾ
നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ
അടങ്കൽ – 1,05,000/- രൂപ
ചെലവ് – 1,02,549/- രൂപ
ബിൽ നമ്പർ CB 15/19-20/21-1-20-29,500/- രൂപ
CB 34/19-20/16-3-20-40,469/- രൂപ
CB 35/19-20/16-3-20-32,580/- രൂപ

CB 15/19-20, CB 35/19-20 എന്നിവ ഉപയോഗിച്ച് പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങിയതാണ്. ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനത്തിലൂടെ (Cprcs) യാണ് നടപടിക്രമങ്ങൾ നടത്തേണ്ടത്. കെൽട്രോൺ നോഡൽ ഏജൻസിയാണ്. തുക ഐ.റ്റി. വകുപ്പിന്റെ ഹെഡിലേക്കാണ് ഒടുക്കുവരുത്തുന്നത്. പ്രീമെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ വാങ്ങാനായി കെൽട്രോണിന്റെ 19-2-20 തീയതിയിലെ TVM/ITBG/PI/RC/15845 /19-20 നമ്പർ ഇൻവോയിസ് പ്രകാരമുള്ള 40,469/- രൂപ CB 34/19-20/16-3-20 പ്രകാരം ഒടുക്കിയെങ്കിലും 31-3-20 വരെ കാലാവധി ഉണ്ടായിരുന്ന പെർഫോർമാ ഇൻവോയിസ് പ്രകാരം വർക്ക് ഓർഡർ ജനറേറ്റ് ചെയ്തിരുന്നില്ല. ആയതിനാൽ പുതുക്കിയ പെർഫോർമാ ഇൻവോയിസ് നൽകണമെന്നാവശ്യപ്പെട്ട 17-11-21 തീയതിയിൽ KB 223/19 നമ്പറായി കത്ത് നൽകിയതിനെ തുടർന്ന് 17-11-21 തീയതിയിൽ TVM/ITBG/PI/RC/32138/20-21 നമ്പരായി 39,797/-രൂപയുടെ ഇൻവോയിസ് ലഭ്യമാക്കി. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. വർക്ക് ഓർഡർ ജനറേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. യഥാസമയം ഉപകരണങ്ങൾ ലഭ്യമായില്ല എങ്കിൽ തുകയുടെ റീഫണ്ട്

ആവശ്യപ്പെടുന്നതുൾപ്പെടെയുള്ള സേവനങ്ങൾ പ്രസ്തുത പോർട്ടലിൽ ലഭ്യമാണ്. നിർവഹണ ഉദ്യോഗസ്ഥൻ അത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. 672/- രൂപ അധികം നൽകിയത് തിരികെ ലഭ്യമാക്കിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാകുന്നതുവരെ ഈയിനത്തിൽ ചെലവാക്കിയ 40,469/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്തും അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 40,469/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 10/19-20/15-3-22

1-13 വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ - സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ – 57/20

പ്രോജക്ട് – വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ – 4,00,000/- രൂപ

ചെലവ് – 3,00,000/- രൂപ

ബിൽ നമ്പർ CB 19/19-20/21-1-20 - 1,00,000/- രൂപ

CB 14/19-20/21-1-20 - 2,00,000/- രൂപ

തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുമ്പോൾ ധനസഹായമായി ഒരു ലക്ഷം രൂപാ നൽകുന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ രഞ്ജിത്. റ്റി. എസ് ഹാജരാക്കിയിരിക്കുന്ന റസിഡൻസ് കാർഡ് പ്രകാരം (Kingdom Of Saudi Arabiaയുടെ E 258804328 തീയതി 2-7-19 ) കാലാവധി തൊണ്ണൂറ് ദിവസം ആണ്. വിസിറ്റിംഗ് വിസയിൽ വിദേശത്ത് പോയ വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിരാകരിച്ച തുക – 1,00,000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 10/19-20/15-3-22

1-14 പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ -ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ട് ആയത് ചെലവഴിക്കാതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നും നൽകി.

പട്ടികജാതി ഗ്രൂപ്പുകൾക്കും വനിതാ ഗ്രൂപ്പുകൾക്കും വാദ്യോപകരണങ്ങൾ നൽകി സ്വയംതൊഴിൽ സംരംഭകരാക്കി ജീവിതനിലവാരം ഉയർത്താനായി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ നമ്പർ |
|---|---|---|---|---|
| 93/20 | പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങ ൾ | 1,05,300/- | 99,950/- | 6/19-20 /13-5-19 |
| 94/20 | പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ | 1,05,300/- | 99,950/- | 8/19-20 /13-5-19 |

പ്രസ്തുത പ്രോജക്ട് പ്രകാരം ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകിയപ്പോൾ ഗുണഭോക്തൃവിഹിതം 10,600/- പിരിച്ചെടുത്തിട്ട് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയെങ്കിലും (22-3-19 തീയതിയിലെ 199/85 നമ്പർ രസീത്) ആയത് ചെലവഴിക്കാതെ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നും നൽകി. ആയതിന് വിശദീകരണം നൽകുകയും പ്ലാൻ ഫണ്ടിനത്തിൽ അധികം ചെലവഴിച്ച തുക തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ പ്ലാൻ ഫണ്ടിനത്തിൽ അധികം ചെലവഴിച്ച 10,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 10,600/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 10/19-20/15-3-22

1-15 പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷാ-രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ – 92/20

പ്രോജക്ട് – പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷ

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ – 3,60,000/- രൂപ

ചെലവ് - 3,60,000/- രൂപ

ബിൽ നമ്പർ CB 9/19-20/13-5-19 - 3,60,000/- രൂപ

പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി നൽകി ജീവിതനിലവാരം ഉയർത്താനായി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. പ്രസ്തുത പദ്ധതി പ്രകാരം ആറ് വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങാനായി സബ്സിഡി ഇനത്തിൽ തുക കൊട്ടാരക്കര കാനറാ ബാങ്കിന് നൽകിയെങ്കിലും രണ്ട് പേർ മാത്രമാണ് ഓട്ടോ വാങ്ങിയിരിക്കുന്നത്. ബാക്കി 2,40,000/- രൂപ ബാങ്കിൽ നിന്നും തിരികെ വാങ്ങി കൺസോളിഡേറ്റ് ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ഓട്ടോ വാങ്ങിയ ശ്രീ. അജിത കുമാരി, സരിത എന്നിവരുടെ ആർ.സി. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 1,20,000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 10/19-20/15-3-22

1-16 യാത്രാബത്ത ഇനത്തിൽ അധികം തുക കൈപ്പറ്റി

ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. ബിനുതോമസ്സ് യാത്രാപ്പടി ഇനത്തിൽ അധികം തുക കൈപ്പറ്റി. ഒരു ദിവസം തന്നെ യാത്രക്കുള്ള ദിനബത്തയും ഹാൾട്ടിനുള്ള ദിനബത്തയും കൂടി ലഭിക്കില്ല (സ.ഉ.(അ).190/82.ധന. 19.04.1982). 08/19 മുതൽ 01/20 വരെയുള്ള കാലയളവിലാണ് അധികം തുക കൈപ്പറ്റിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| യാത്രാ തീയതി | യാത്ര ചെയ്ത സ്ഥലം | അനുവദിച്ച യാത്രാബത്ത | അനുവദനീയമായ യാത്രാ ബത്ത | അധികം നൽകിയ തുക |
|---|---|---|---|---|
| 08.08.2019 7 Am-9 Pm | കൊട്ടാരക്കര-തിരുവനന്തപുരം | 370 രൂപ Limited To 1 ½ DA | 250 രൂപ Limited To 1 DA | 120 രൂപ |
| 07.09.2019 | കൊട്ടാരക്കര- | 370 രൂപ | 250 രൂപ | 120 രൂപ |

| | | | | |
|---|---|---|---|---|
| 10 Am- 4 Pm | തിരുവനന്തപുരം | Limited To 1 ½ DA | Limited To 1 DA | |
| 15.10.2019 8am-8pm | കൊട്ടാരക്കര-തിരുവനന്തപുരം | 370 രൂപ Limited To 1 ½ DA | 250 രൂപ Limited To 1 DA | 120 രൂപ |
| 22.11.2019 10 Am- 5pm | കൊട്ടാരക്കര-തിരുവനന്തപുരം | 370 രൂപ Limited To 1 ½ DA | 250 രൂപ Limited To 1 DA | 120 രൂപ |
| 29.01.2020 10 Am- 5pm | കൊട്ടാരക്കര-തിരുവനന്തപുരം | 370 രൂപ Limited To 1 ½ DA | 250 രൂപ Limited To 1 DA | 120 രൂപ |
| | | | ആകെ | 600/- രൂപ |

ആയതിനാൽ ഈ ഇനത്തിൽ അധികം കൈപ്പറ്റിയ 600/- രൂപ ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക അനുവദിച്ച് നൽകിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-17 എൻ.സി.ഡി ക്ലിനിക്കിൽ പങ്കെടുക്കുന്ന വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ്- വിതരണരേഖകൾ ഹാജരാക്കിയില്ല

എൻ.സി.ഡി ക്ലിനിക്കിൽ പങ്കെടുക്കുന്ന വയോജനങ്ങൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതിനായി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 1,32,995/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജീവിത ശൈലി രോഗ ക്ലിനിക്കിൽ വരുന്ന രോഗികൾക്ക് എളുപ്പത്തിൽ പാകം ചെയ്യാവുന്നതും രോഗത്തിന്റെ സങ്കീർണ്ണതകൾ വർദ്ധിപ്പിക്കാത്തതുമായ ആഹാര പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ തീയതി 29.01.2018) ഖണ്ഡിക 7.8.3-ലെ നിർദ്ദേശത്തിന് വിരുദ്ധമായി ഭക്ഷണവിതരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. T Square Enterprises എന്ന സ്ഥാപനത്തിൽ നിന്നും 1.5 കി.ഗ്രാം വീതമുള്ള 348 Packet Oats ആണ് വിതരണം ചെയ്യാനായി വാങ്ങിയത്. എന്നാൽ വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് സംബന്ധിച്ചും വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ലാത്തതിനാലും ഈ ഇനത്തിൽ ചെലവഴിച്ച 65,689/-(bill No-02/15.05.2019) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. – 01/10.03.2022

തടസ്സപ്പെടുത്തിയ തുക – 65,689/- രൂപ

## 1-18 ജീവിതശൈലീ രോഗനിയന്ത്രണ പരിപാടി - ചെലവ് രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച.സി. നെടുമൺകാവ് നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 23,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 1,50,000/- രൂപയും വകയിരുത്തി "ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി" എന്ന പദ്ധതി (പ്രോജക്ട് നം. 45/19-20) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിക്കായി ആകെ 22,64,915/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 1,15,600 (ബിൽ നം. 25/17.3.2020 – 77,800/-, ബിൽ നം. 31/31.3.2020 – 37,800/-) രൂപയുടെയും,

തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച 1,50,000/- (ചെക്ക് നം. 2938812/16.3.2020 – 1,03,200/-, ചെക്ക് നം. 2938813/31.3.2020 – 46,800/-) രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ജീവിത ശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങളും സ്ക്രീനിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപ്പഞ്ചായത്തുകൾ ഏറ്റെടുക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ഈ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, 2,65,600/- (1,15,600 + 1,50,000) ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് (04/11.03.22) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 2,65,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

### 1-19 മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽ നിന്നുള്ള Non Availability Certificate വാങ്ങാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങി

2019-20 സാമ്പത്തിക വർഷം C.H.C.യിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും 10,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 7,00,000/- രൂപയുടെ മരുന്ന് കെ.എം.സി.എൽ നിന്നും 3,00,000/- രൂപയുടെ (Bill No-18/03.02.2020) മരുന്ന് P.S.N ഫാർമ്മസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും സി.എച്ച്.സി.യിലേക്ക് വാങ്ങിയിട്ടുണ്ട് (പ്രോജക്ട് നം-50/19-20). കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽ നിന്നുള്ള Non Availability Certificate വാങ്ങാതെയാണ് സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചത്. അലോപ്പതി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നു മാത്രമെ വാങ്ങാവൂ എന്നും, ഇൻഡന്റ് നൽകി രണ്ട്മാസം കഴിഞ്ഞിട്ടും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭിക്കുന്നതിന് കാലതാമസ്സം നേരിടുന്ന ഘട്ടത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അനുമതിയോടെ കാരുണ്യ/നീതി/ജൻഔഷധി കേന്ദ്രങ്ങളിൽ നിന്ന് അടിയന്തിരസാഹചര്യം മറികടക്കുന്നതിന് മരുന്ന് വാങ്ങുന്നതിന് ആരോഗ്യകേന്ദ്രങ്ങൾക്ക് അനുമതിയുള്ളൂ. ഈ വിഷയത്തിൽ നിർവ്വഹണഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (8/14.03.22) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തുടർനടപടി സ്വീകരിക്കുന്നതിനായി ഈ വിഷയം ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-20 അധികനിരക്കിൽ സെന്റേജ് ചാർജ് നൽകി, ചെലവഴിയ്ക്കപ്പെടാത്ത തുക തിരികെ ഈടാക്കിയില്ല.

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗവും കേരള വാട്ടർ അതോറിറ്റിയും നൽകിയ എസ്റ്റിമേറ്റുകളെ ആധാരമാക്കി തുക നിക്ഷേപിച്ച് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ധനവിനിയോഗ വിവരങ്ങൾ പ്രസ്തുത ഏജൻസികൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും നിക്ഷേപിച്ചതിൽ ശേഷിയ്ക്കുന്ന തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല.

ആകെ പ്രവൃത്തിമൂല്യമോ എസ്റ്റിമേറ്റ് തുകയോ ഏതാണ് കുറവ് ആയതിനെ ആധാരമാക്കി സെന്റേജ് ചാർജ് നൽകണമെന്നും ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവൃത്തികളുടെ സെന്റേജ് ചാർജ് 8% ആയിരിക്കണമെന്നും 25-7-2017ലെ ജി.ഒ(പി) നം.95/2017 ധന ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെ സെന്റേജ് ചാർജ് ആയി എസ്റ്റിമേറ്റ് തുകയുടെ 12.5% പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിനും10% കേരള വാട്ടർ അതോറിറ്റിയ്ക്കും നൽകിയിരിക്കുന്നു. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | നിർവഹണ ഏജൻസി | എസ്റ്റിമേറ്റ് വിവരങ്ങൾ | നിക്ഷേപിച്ച തുക ബിൽ നം. തീയതി | ചെലവഴിച്ച തുക (രൂപ) | ശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|
| 139/19-20<br>ശുചിത്വ പുത്തൂർ നിരീക്ഷണക്യാമറ സ്ഥാപിക്കൽ<br>അടങ്കൽ: 6,00,000/-<br>ഫണ്ടിനം : വികസനഫണ്ട് &തനതു ഫണ്ട് | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം | നം.<br>EST/118 /KES/18-19<br>തുക-600000/-<br>സെന്റേജ് ചാർജ്-66667/-<br>(12.5%) | 343464/-രൂപ<br>53/16.03.20<br>256536/-രൂപ<br>ചെക്ക് നം<br>2909754/<br>23.01.20 | 485168/- | 114832/- |
| 134/19-20 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ ക്യാമറ സ്ഥാപിക്കൽ<br>അടങ്കൽ: 1,50,000/-<br>ഫണ്ടിനം :<br>തനതു ഫണ്ട് | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം | നം.<br>EST/117 /KES/18-19<br>തുക-1,50,000/-<br>സെന്റേജ് ചാർജ്-16667/-<br>(12.5%) | 1,50,000/-രൂപ<br>ചെക്ക് നം<br>2909753/<br>23.01.20 | 124608/- | 25392/- |
| 79/19-20<br>എഴുകോൺ ഗ്രാമപഞ്ചായത്ത് മുഴിയിൽ പൈങ്ങാമുകൾ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>അടങ്കൽ: 6,00,000/-<br>ഫണ്ടിനം : വികസനഫണ്ട് (എസ് സി പി) | കേരള വാട്ടർ അതോറിറ്റി | നം.2019/ 14851<br>തുക-600000/-<br>സെന്റേജ് ചാർജ്-49170.97<br>(10%) | 600000/-39 /19.10.19 | 514036/- | 85964/- |
| 123/19-20 കാഞ്ഞിരംപാറ കപ്പമാംവിള കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>അടങ്കൽ: 624250/-<br>ഫണ്ടിനം : വികസനഫണ്ട് (എസ് സി പി) | കേരള വാട്ടർ അതോറിറ്റി | നം.2019/ 15109<br>തുക-510000/-<br>സെന്റേജ് ചാർജ്-41336.86/-<br>(10%) | 510000/-44 /20.01.20 | 421619/- | 88381/- |
| 131/19-20പള്ളിയിൽജം. വല്ലവൻകരഭാഗംകുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>അടങ്കൽ: 6,00,000/- | കേരള വാട്ടർ അതോറിറ്റി | നം.2019/ 14906<br>തുക-600000/-<br>സെന്റേജ് ചാർജ്- | 521416/-<br>38/19.10.19<br>78584/-ചെ.നം.<br>2909300/<br>14.10.19 | 401967/- | 198033/- |

| | | | | | |
|---|---|---|---|---|---|
| ഫണ്ടിനം : വികസനഫണ്ട് (എസ് സി പി) &തനത് ഫണ്ട് | | 49180.26/- (10%) | | | |

ആകെ പ്രവൃത്തി മൂല്യത്തിന്റെ 8% എന്ന നിരക്കിൽ സെന്റേജ് ചാർജ് കണക്കാക്കി അധികമായി ഒടുക്ക് വരുത്തിയ സെന്റേജ് ചാർജ് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ശേഷിയ്ക്കുന്ന തുക തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും സാധൂകരിക്കുന്ന രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ശേഷിയ്ക്കുന്ന തുകകൾ സ്വരാജ് പുരസ്കാര ഓഡിറ്റോറിയം പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്ന പ്രോജക്ടിലേയ്ക്കും കേരള വാട്ടർ അതോറിറ്റി മുഖേന നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ശേഷിയ്ക്കുന്ന തുകകൾ കോട്ടേക്കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ എന്ന പ്രോജക്ടിലേയ്ക്കും വകയിരുത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളതാണെന്നും സെന്റേജ് ചാർജിനത്തിൽ അധികമായി ഈടാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിന് ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റുകളിൽ സെന്റേജ് ചാർജ് 12.5%, 10% എന്നിങ്ങനെ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആകെ പ്രവൃത്തിമൂല്യവും ആയതിന്റെ എസ്റ്റിമേറ്റുകളിൽ നിശ്ചയിച്ചിരുന്ന നിരക്കിലുള്ള സെന്റേജ് ചാർജും ചേർന്ന തുകയാണ് നിലവിൽ ചെലവായി കണക്കാക്കിയിരിയ്ക്കുന്നതെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളുമില്ല.

ചെലവഴിച്ചിരിയ്ക്കുന്ന തുക എസ്റ്റിമേറ്റ് തുകയേക്കാൾ കുറവായതിനാൽ ഓരോ പ്രവൃത്തിയുടെയും ആകെ പ്രവൃത്തിമൂല്യവും ആയതിന്റെ 8%നിരക്കിലുള്ള സെന്റേജ് ചാർജും കണക്കാക്കി സെന്റേജ് ചാർജിനത്തിൽ ശേഷിയ്ക്കുന്ന തുക തിരികെയീടാക്കിയെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 06/19-20 / 11.3.2022

1-21 സംരംഭങ്ങൾക്കുള്ള വായ്പ - സബ്സിഡിത്തുക പരിഗണിയ്ക്കാതെ പലിശ ഈടാക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ മുഖേന ബാങ്ക് വായ്പാബന്ധിതമായി സംരംഭങ്ങളിൽ ഏർപ്പെടുന്ന ഗുണഭോക്താക്കൾക്കുള്ള സബ്സിഡിത്തുക വായ്പ അനുവദിയ്ക്കുന്ന ബാങ്കുകളിലേയ്ക്ക് മുൻകൂറായി ഒടുക്കണമെന്നും ബാങ്കുകൾ മുഴുവൻ വായ്പാത്തുകയും സബ്സിഡിത്തുക ഒഴികെയുള്ള വായ്പാത്തുകയ്ക്ക് മാത്രം പലിശയും ഗഡുക്കളായി ഈടാക്കണമെന്നും പ്രസ്തുത ഒടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് സബ്സിഡിത്തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നുമുള്ള മാർഗനിർദ്ദേശങ്ങൾ നിലനിൽക്കെ ആയതിനു വിരുദ്ധമായി മുഴുവൻ വായ്പാത്തുകയ്ക്കും പലിശ ഈടാക്കുന്നു.

2019-20ൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി പൊതുവിഭാഗം വികസന ഫണ്ടും ബാങ്ക് വായ്പയും വകയിരുത്തി നടപ്പിലാക്കിയ ഗ്രൂപ്പിന് പശു വിതരണം (പ്രോ.നം. 82/20&100/20) എന്ന പ്രോജക്ടുകളിലൂടെ ബാങ്ക് വായ്പാബന്ധിതമായി പശുവളർത്തൽ സംരംഭങ്ങളിൽ ഏർപ്പെട്ട വിവിധ ഗ്രൂപ്പുകൾക്കുള്ള സബ്സിഡിത്തുകയായി 1,25,000/-രൂപ വീതം ബാങ്കുകളിലേയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം./പേര് | ബിൽ നം. | തുക(രൂപ) |
|---|---|---|
| 82/20 - ഗ്രൂപ്പിന് പശു വിതരണം | 8/16.03.20 | 3,75,000/- |
| | 9/16.03.20 | 1,25,000/- |
| | 10/16.03.20 | 1,25,000/- |
| | 11/16.03.20 | 1,25,000/- |
| 100/20 - ഗ്രൂപ്പിന് പശു വിതരണം(സ്പിൽ ഓവർ) | 1/18.05.19 | 1,25,000/- |
| | 2/30.07.19 | 1,25,000/- |

സബ്സിഡിത്തുക മുൻകൂറായി നൽകിയെങ്കിലും ബാങ്കുകൾ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുഴുവൻ വായ്പാത്തുകയ്ക്കും പലിശ ഈടാക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പ ലഭ്യമായ ഗ്രൂപ്പ് | സബ്സിഡിത്തുക/ബിൽ നം./തീയതി | വായ്പ അനുവദിച്ച ബാങ്ക് | വായ്പാത്തുക | പലിശ നിരക്ക് | പ്രതിമാസ തിരിച്ചടവ് തുക/കാലാവധി |
|---|---|---|---|---|---|
| വികാസ് ആക്ടിവിറ്റി ഗ്രൂപ്പ് പൂയപ്പള്ളി | 1,25,000/- 1/21.04.20 | പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 2,50,000/- | 9% | 8819/- 3വർഷം |
| കൈരളി ആക്ടിവിറ്റി ഗ്രൂപ്പ് പൂയപ്പള്ളി | 1,25,000/- 2/21.04.20 | പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 2,50,000/- | 9% | 8819/- 3വർഷം |
| തംബുരു ആക്ടിവിറ്റി ഗ്രൂപ്പ് പൂയപ്പള്ളി | 1,25,000/- 6/21.04.20 | പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 2,50,000/- | 9% | 8819/- 3വർഷം |

ഗ്രൂപ്പിന് പശു വിതരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2019-20ൽ 8 ഗ്രൂപ്പുകൾക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വായ്പകളുടെ തിരിച്ചടവ് മാർഗനിർദ്ദേശങ്ങൾങ്ങൾക്കനുസൃതമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധമായി രേഖാമൂലമുള്ള വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. സബ്സിഡിത്തുക പരിഗണിയ്ക്കാതെ മുഴുവൻ വായ്പാത്തുകയ്ക്കും പലിശ ഈടാക്കുന്നതായി വ്യക്തമാകുന്ന സാഹചര്യത്തിൽ സബ്സിഡിത്തുകയായി ബാങ്കുകളിലേയ്ക്ക് മുൻകൂറായി ഒടുക്കിയ 10,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സബ്സിഡിത്തുക ഒഴികെയുള്ള തുകയ്ക്ക് മാത്രം പലിശഈടാക്കുന്ന വിധത്തിൽ വായ്പകളുടെ തിരിച്ചടവ് മാർഗനിർദ്ദേശങ്ങൾങ്ങൾക്കനുസൃതമാക്കിയെന്ന് വ്യക്തമാകുന്ന രേഖകൾഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 12/14.3.22

1-22 ജൈവവള യൂണിറ്റ് ആരംഭിച്ചതായി വ്യക്തമാകുന്ന രേഖകളില്ല.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്ന് 7,00,000/- രൂപ വകയിരുത്തി, 2019-20ൽ നടപ്പിലാക്കിയ ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് എന്ന പ്രോജക്ടിനായി (നം.88/20) ബിൽ നം. 20/31.03.20 പ്രകാരം പിൻവലിച്ച 10,000/- രൂപ ശ്രീലത. എസ്, കളീലഴികത്ത് വടക്കതിൽ, വെളിയം എന്ന ഗുണഭോക്താവിന് നൽകിയെങ്കിലും ലഭ്യമായ സബ്സിഡി വിനിയോഗിച്ചതായോ യൂണിറ്റ് ആരംഭിച്ചതായോ വ്യക്തമാകുന്ന രേഖകളില്ല. ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ക്ഷീരസംഘങ്ങൾ മുഖേന വിൽപ്പന നടത്തുക എന്ന ലക്ഷ്യത്തോടെ യൂണിറ്റൊന്നിന് 20,000/- രൂപ നിശ്ചയിച്ച് 50% സബ്സിഡിയായി 10,000/- നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. വിനിയോഗ രേഖകളുടെ അഭാവം സംബന്ധമായി രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 10,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 12/14.3.22

തടസ്സപ്പെടുത്തിയ തുക – 10,000/- രൂപ

1-23 എക്സ്ട്രാ ഇനം- ടെൻഡർ കുറവ് വരുത്തിയില്ല.

പ്രോജക്ട് നം. – 62/19

വെൺമണ്ണൂർ - തോയിത്തല കുടിവെള്ള പദ്ധതി

വികസന ഫണ്ട് – 6,00,000/- രൂപ

റ്റി എസ്.നം. – 1365/18-19

എഗ്രിമെന്റ് - 21/ AEE / LSGD / KTR / 18-19

കോൺട്രാക്ടർ – ബിജു. എസ്.

ക്വോട്ട് ചെയ്ത തുക - 5,78,043/- രൂപ

ചെലവുതുക – 5,64,016/- രൂപ

അളവു പുസ്തകം നം. 27/18-19

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 27-2-2019ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം VI (8) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത എക്സ്ട്രാ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തുകയുണ്ടായി. പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ ടെൻഡർ കുറവ് (3.66%) വരുത്താതെ എസ്റ്റിമേറ്റ് നിരക്കാണ് എക്സ്ട്രാ ഇനം പ്രവൃത്തികൾക്ക് നൽകിയത്. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 3,92,263/- രൂപ 18-19 വർഷത്തിൽ നൽകിയിരിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ ബിൽ നം. 5/ 13.05.2019 -ൽ 1,71,753/- രൂപ നൽകിയിട്ടുണ്ട്. അധികമായി നല്കിയ 4,886/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്റെ റിവൈസഡ് പ്രോജക്ട് ഓഡിറ്റിനു ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/13-3-22 ന മറുപടി നൽകിയില്ല.

അധിക നിരക്ക് നൽകിയ എക്ട്രാ ഇനം പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് അളവ് | നിരക്ക് | നൽകിയ നിരക്ക് | നല്കാവുന്ന നിരക്ക | അധികം നൽകിയ നിരക്ക് | പ്രവൃത്തിയുടെ അളവ് | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|---|
| 1. | 60.7.2<br>Drystone Packing Under Foundation With Good Quality Blasted Rubble........... | 11.340m3 | 2188.33 | 2188.33 | 2108.23 | 80.1 | 10.44m3 | 836.24 |
| 2 | 60.7.1<br>Dry Rubble Without Concrete Levelling Course........ | 26.496m3 | 2841.33 | 2841.33 | 2737.33 | 103.99 | 24.075 | 2503.6 |
| 3 | 4.1.5<br>Providing And Laying Cement Concrete Of Specific Grade 1:3:6 | 1.016 | 7293.93 | 7293.33 | 7026.4 | 266.9 | 0.97m3 | 258.9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 10.25.2 Steel Work Built Up Sections/fraed Work Including Cutting.......... | 280kg | 127.24 | 127.24 | 127.58 | 4.65 | 276.458 | 1287.46 |
| | | | | ആകെ | | | | 4886.2 |

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എക്സ്ട്രാ ഇനം- ടെൻഡർ കുറവ് വരുത്തിയില്ല.

പ്രോജക്ട് നം. – 62/19

വെൺമണ്ണൂർ - തോയിത്തല കുടിവെള്ള പദ്ധതി

വികസന ഫണ്ട് – 6,00,000/- രൂപ

റ്റി എസ്.നം. – 1365/18-19

എഗ്രിമെന്റ് - 21/ AEE / LSGD / KTR / 18-19

കോൺട്രാക്ടർ – ബിജു. എസ്.

ക്വോട്ട് ചെയ്ത തുക - 5,78,043/- രൂപ

ചെലവുതുക – 5,64,016/- രൂപ

അളവ് പുസ്തകം നം. 27/18-19

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 27-2-2019ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം VI (8) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് എക്സ്ട്രാ ഇനം പ്രവൃത്തികൾ ഉൾപ്പടുത്തുകയുണ്ടായി. പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ ടെൻഡർ കുറവ് (3.66%) വരുത്താതെ എസ്റ്റിമേറ്റ് നിരക്കാണ് എക്സ്ട്രാ ഇനം പ്രവൃത്തികൾക്ക് നൽകിയത്. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 3,92,263/- രൂപ 18-19 വർഷത്തിൽ നൽകിയിരിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ ബിൽ നം. 5/ 13.05.2019 -ൽ 1,71,753/- രൂപ നൽകിയിട്ടുണ്ട്. അധികമായി നല്കിയ 4,886/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിന്റെ റിവൈസഡ് പ്രോജക്ട് ഓഡിറ്റിനു ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/13-3-22 ന മറുപടി നൽകിയില്ല.

അധിക നിരക്ക് നൽകിയ എക്ട്രാ ഇനം പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എസ്റ്റിമേറ്റ് അളവ് | നിരക്ക് | നൽകിയ നിരക്ക് | നല്കാവുന്ന നിരക്ക | അധികം നൽകിയ നിരക്ക് | പ്രവൃത്തിയുടെ അളവ് | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|---|
| 1. | 60.7.2 Drystone Packing Under Foundation | 11.340m3 | 2188.33 | 2188.33 | 2108.23 | 80.1 | 10.44m3 | 836.24 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | With Good Quality Blasted Rubble............ | | | | | | | |
| 2 | 60.7.1<br>Dry Rubble Without Concrete Levelling Course........ | 26.496m3 | 2841.33 | 2841.33 | 2737.33 | 103.99 | 24.075 | 2503.6 |
| 3 | 4.1.5<br>Providing And Laying Cement Concrete Of Specific Grade 1:3:6 | 1.016 | 7293.93 | 7293.33 | 7026.4 | 266.9 | 0.97m3 | 258.9 |
| 4 | 10.25.2<br>Steel Work Built Up Sections/fraed Work Including Cutting.......... | 280kg | 127.24 | 127.24 | 127.58 | 4.65 | 276.458 | 1287.46 |
| | | | | ആകെ | | | | 4886.2 |

3-2 വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ-സന്ദർശക വിസയിൽ പോയവർക്കും ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ – 57/20

പ്രോജക്ട് – വിദേശ തൊഴിൽ നേടുന്ന യുവാക്കൾക്ക് ധനസഹായം നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ – 4,00,000/- രൂപ

ചെലവ് – 3,00,000/- രൂപ

ബിൽ നമ്പർ CB 19/19-20/21-1-20 - 1,00,000/- രൂപ

CB 14/19-20/21-1-20 - 2,00,000/- രൂപ

തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുമ്പോൾ ധനസഹായമായി ഒരു ലക്ഷം രൂപാ നൽകുന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ രഞ്ജിത്. റ്റി. എസ് ഹാജരാക്കിയിരിക്കുന്ന റസിഡൻസ് കാർഡ് പ്രകാരം (Kingdom Of Saudi Arabiaയുടെ E 258804328 തീയതി 2-7-19 ) കാലാവധി തൊണ്ണൂറ് ദിവസം ആണ്. വിസിറ്റംഗ് വിസയിൽ വിദേശത്ത് പോയ വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിരാകരിച്ച തുക – 1,00,000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ - 10/19-20/15-3-22

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 7-3-21 | കെ.എസ്.എ.കെ.ൽ.എം.പി6/499/22 തീയതി – 22.06.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| കരീപ്ര ഗ്രാമപഞ്ചായത്ത് | 2019-20 | 3,00,000/- | സി.എച്ച്.സിയിൽ മാമോഗ്രാം യൂണിറ്റ് | 3,00,000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | മുഴിയിൽ പൈങ്ങാമുകൾ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, എഴുകോൺ ഗ്രാമപഞ്ചായത്ത് | 39/19-10-19 | 6,00,000/-രൂപ | 0 | 6,00,000/-രൂപ |
| | പള്ളിയിൽ ജംഗ്ഷൻ വല്ലവൻകര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 38/19-10-19 | 6,00,000/-രൂപ | 0 | 6,00,000/-രൂപ |
| | കാഞ്ഞിരം വിള കുപ്പംവിള ലക്ഷം വീട് കുടിവെള്ള പദ്ധതി | 44/20-1-20 | 5,10,000/-രൂപ | 0 | 5,10,000/-രൂപ |
| | വെൺമണ്ണൂർ തോയിത്തല കുടിവെള്ള പദ്ധതി | 5/19-20 /13-5-19 | 1,71,753/-രൂപ | 0 | 1,71,753/-രൂപ |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും

വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം രിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഹൗസിംഗ് | 90/13/ തസ്വഭവ/ 14.3.13 | 0 | 1,13,99,858/- | 12,50,215 | | 1,01,49,643 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-23 | 2001-02 | 1-4 | അംഗൻവാടികളിലേയ്ക്ക് ബേബി ചെയർ വാങ്ങിയത് ക്രമവിരുദ്ധം | |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4.1.5 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിഷ്ക്രീയാസ്തികൾ നെടുമൺകാവ് സി.എച്ച്.സിയ്ക്ക് 2011-12 ൽ 5,11,682/- രൂപ ചെലവിട്ട് ആംബുലൻസ് വാങ്ങിയത് നാശോന്മുഖമാണ്. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,886/- | ശ്രീ. അസ്ജാദ് എ. എഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1,00,000/- | ശ്രീ. സച്ചിൻ ദാസ്. എസ്.ആർ, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 40,469/- | ശ്രീ. സച്ചിൻ ദാസ്. എസ്.ആർ,<br>പട്ടികജാതി വികസന ഓഫീസർ |
| 1-14 | 10,600/- | ശ്രീമതി. റീന തോമസ്<br>പട്ടികജാതി വികസന ഓഫീസർ |
| 1-15 | 1,20,000/- | ശ്രീമതി. റീന തോമസ്<br>പട്ടികജാതി വികസന ഓഫീസർ |
| 1-17 | 65,689/- | ഡോ. മേരിക്കുട്ടി തോമസ്,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-18 | 2,65,600/- | ഡോ. മേരിക്കുട്ടി തോമസ്,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-21 | 10,00,000/- | ശ്രീമതി. ബീന<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 10,000/- | ശ്രീമതി. ബീന<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അസ്ജാദ് എ.എഫ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പായിപ്പാട് ഗ്രാമപഞ്ചായത്ത്<br>മലപ്പുറം ബ്ലോക്ക് | മുസലിയാർ മൻസിൽ, മുസ്ലീം സ്ട്രീറ്റ്,<br>കൊട്ടാരക്കര, 691506 |
| ശ്രീ. സച്ചിൻ ദാസ്. എസ്.ആർ,<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>കൊട്ടാരക്കര ബ്ലോക്ക് | കരിക്കകത്തിൽ ഹൗസ്,<br>കോട്ടപ്പുറം,<br>ഇളംപെഴുന്നൂർ പി.ഒ |
| ശ്രീമതി. റീന തോമസ്<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>ചടയമംഗലം ബ്ലോക്ക് | ലൌവ് ഷോർ, മേലേവിള<br>ചാത്തന്നൂർ, കൊല്ലം |
| ഡോ. മേരിക്കുട്ടി തോമസ്,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)<br>നെടുമൺകാവ് | റ്റി.സി 11/172, നാലാഞ്ചിറ<br>തിരുവനന്തപുരം |
| ശ്രീമതി. ബീന<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>അഞ്ചൽ യൂണിറ്റ് | കെട്ടിടത്തിൽ, ഇടയ്ക്കിടം പി.ഒ<br>കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | കെ.എസ്.എ കെഎൽ എംപി6 /176/18 തീ. 07-02-2018 |
| 2000-2001 | കെ.എസ്.എ കെഎൽ എംപി6 /176/18 തീ. 07-02-2018 |
| 2001-2002 | കെ.എസ്.എ കെഎൽ എംപി6 /176/18 തീ. 07-02-2018 |
| 2004-05 | കെ.എസ്.എ കെഎൽ എംപി6 /176/18 തീ. 07-02-2018 |
| 2005-06 | കെ.എസ്.എ കെഎൽ എംപി6 /176/18 തീ. 07-02-2018 |
| 2006-07 | LFQ(DB)1376(5)/14/23.06.14 |
| 2007-08 | LFQ(DB)1376(4)/14/23.06.14 |
| 2008-09 | LFQ(DB)1376(3)/14/23.06.14 |
| 2009-10 | LFQ(DB)1376(2)/14/23.06.14 |
| 2010-11 & 2011-12 | LFQ(DB)1376(1)/14/23.06.14 |
| 2012-13 & 2013-14 | LFQ(DB)2606/2014/28.02.15 |
| 2014-2015 | കെ.എസ്.എ.കെ.എൽ എംD.B-1813/16, തീ. 1.2.17 |
| 2015-16 | കെ.എസ്.എ.കെ.എൽ എംD.B 527/2017, തീ. 22.07.17 |
| 2016-17 | കെ.എസ്.എ.കെ.എൽ എം.പി.6/1982/2017, തീ. 27.11.17 |
| 2017-18 | കെ.എസ്.എ.കെ.എൽ എം.പി.6/286/19, തീ. 4.4.19 |
| 2018-19 | കെ.എസ്.എ.കെ.എൽ എം.പി.6/1127/2020, തീ. 13.01.2021 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ്, കൊല്ലം.